**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **15-03-2022 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിൽ മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 13.03.2013 ലെ സ.ഉ.(സാധാ) നം. 415/13/കൃഷി ഉത്തരവിലൂടെ ഐ.സി.ഡി.പി. സബ് സെൻററുകളുടെ ഭരണപരവും സാങ്കേതികവുമായ ചുമതലകൾ മൃഗാശുപത്രികളിലേക്ക് കൈമാറിയതിനു ശേഷം മൃഗസംരക്ഷണ വകുപ്പിൽ മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്താണ്; വെറ്ററിനറി സബ് സെന്ററുകളുടെ ലീൻ റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്ററുകളിലേക്ക് കൈമാറി ക്ഷീരകർഷകർക്ക് കൂടുതൽ മികച്ച സേവനം ലഭിക്കുന്ന വിധത്തിൽ വെറ്ററിനറി സബ് സെന്റുകളെ ശാക്തീകരിക്കുന്നതിനും അങ്ങനെ മൃഗാശുപത്രികളിലെ ജോലിഭാരം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും താലൂക്ക് തല നടത്തിപ്പും അവലോകനവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിന്റെ അവലോകനം, താലൂക്കിന്റെ പരിധിയിൽ വരുന്ന മൃഗാശുപത്രികളുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ ക്രോഡീകരിക്കുക, താലൂക്ക് തലത്തിൽ ADCP, ASCAD പദ്ധതികളുടെ നടത്തിപ്പ ചുമതല, വെറ്ററിനറി സബ് സെന്ററുകളിലും ഡിസ്പെൻസറികളിലും ആകസ്മിക പരിശോധന,സബ് സെന്ററുകളിൽ വിശദ പരിശോധന, കന്നുകാലി സെൻസസ് പ്രവർത്തനങ്ങളുടെ ഏകോപനം, താലൂക്കിൽ ആവശ്യമുള്ള വാക്സിൻ, പുൽവിത്തുകൾ എന്നിവയുടെ വിതരണം, താലൂക്കിലെ വെറ്റിനറി ആശുപത്രികൾ വഴി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികൾ/RKVY/Post Covid Programmes/ യന്ത്രവൽകരണം തുടങ്ങിയ പദ്ധതികൾ മൃഗാശുപത്രികൾ വഴി നടപ്പിലാക്കുക, താലൂക്കിലെ egger nursery കളുടെ പ്രവർത്തനം വിലയിരുത്തി മേലധികാരിക്ക് റിപ്പോർട്ട നൽകുക, താലൂക്ക് തലത്തിൽ കർഷകർക്കായി പരിശീലന പരിപാടികൾ, സെമിനാറുകൾ, സ്കൂൾ കുട്ടികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, LMTC യുടെ സഹായത്തോടെ താലൂക്കിൽ വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുക, പക്ഷിമൃഗാദികളിൽ പൊട്ടിപ്പുറപ്പെടുന്ന പകർച്ചവ്യാധികൾ തടയാനുള്ള മുൻകരുതൽ നടപടികൾ താലൂക്ക്തലത്തിൽ നടപ്പിലാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ താലൂക്കിലെ VD/VH/VPC മുഖേന ഏകോപിപ്പിക്കുകയും ചെയ്യുക ഇവയാണ് RAHC യുടെ പ്രവർത്തനങ്ങൾ. നിലവിൽ വെറ്റിനറി സബ് |

| | | | |
|---|---|---|---|
| | | | സെന്ററുകളുടെ ലീൻ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റുന്നത് പരിഗണനയിലില്ല. മൃഗസംരക്ഷണ വകുപ്പിന്റെ പുനസംഘടന സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. പുനസംഘടനയിൽ ഉൾപ്പെടുത്തി വെറ്ററിനറി സബ് സെന്ററുകൾ ശാക്തീകരിക്കുന്നതാണ്. |
| (ബി) | ഐ.സി.ഡി.പി. സബ് സെന്ററുകളുടെ പേര് വെറ്ററിനറി സബ് സെന്ററുകൾ എന്നാക്കി മാറ്റിയപ്പോൾ അവിടത്തെ ഉദ്യോഗസ്ഥരുൾപ്പെടെ മുഴുവൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും തസ്തികാനാമം വെറ്ററിനറി ഇൻസ്പെക്ടർ എന്നാക്കി മാറ്റണമെന്ന് വിവിധ സംഘടനകൾ നിരന്തരം ആവശ്യമുന്നയിച്ചിട്ടും മുഖവിലക്കെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; ക്ഷീരകർഷകർ കൂടുതൽ ആശ്രയിക്കുന്ന വെറ്ററിനറി സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്താൻ ഉതകുന്ന പ്രായോഗിക പദ്ധതികൾ നടപ്പിലാക്കുമോ; | (ബി) | ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ട് അനുസരിച്ച് വെറ്ററിനറി ഇൻസ്പെക്ടർ എന്ന തസ്തികയുടെ ചുമതല വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. വെറ്ററിനറി സ്ഥാപനങ്ങളും വെറ്ററിനറി കോളേജുകളും ടി സ്ഥാപനങ്ങളിൽ നടത്തുന്ന പരീക്ഷകളും നിരീക്ഷിക്കുന്നതിനുള്ള അധികാരം, ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള വെറ്ററിനറി ഇൻസ്പെക്ടർക്കാണ്. ഇത്തരത്തിൽ വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള വെറ്ററിനറി ഇൻസ്പെക്ടർ എന്ന തസ്തിക നാമം അതിനാൽ മറ്റൊരു വിഭാഗത്തിനും നൽകുക സാധ്യമല്ല. വകുപ്പിന്റെ പുനഃസംഘടനയിൽ ഉൾപ്പെടുത്തി വെറ്ററിനറി സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ക്ഷീരകർഷകരുടെ ആവശ്യപ്രകാരമുള്ള നാടൻ ജനുസ്സു പശുക്കളുടെ ബീജ മാത്രകൾ (വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, ഗിർ ,സാഹിവാൾ, കാങ്കയം) വെറ്ററിനറി ഉപകേന്ദ്രങ്ങളിലൂടെ വിതരണം നടത്തേണ്ടതില്ല എന്ന വകുപ്പ ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ അറിവോടെയാണോ; അല്ലെങ്കിൽ ഈ നിർദ്ദേശം പിൻവലിച്ച് ക്ഷീര കർഷകർക്ക് ആവശ്യമായ ബീജമാത്രകൾ വെറ്ററിനറി ഉപകേന്ദ്രങ്ങൾ വഴി വിതരണം നടത്താമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | തദ്ദേശ ജനുസ്സുകളുടെ വർഗ്ഗ ഗുണം സംരക്ഷിച്ചു കൊണ്ട് അവയുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായാണ് തദ്ദേശ ജനുസ്സിൽപ്പെട്ട കാളകളുടെ ബീജം നാടൻ ജനുസ്സ് പശുക്കളിൽ മാത്രം ഉപയോഗിക്കണം എന്ന് തീരുമാനിച്ചത്. ആയത് ഉറപ്പുവരുത്തുന്നതിനാണ് ഒരു വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ നാടൻ വിത്ത് കാളകളുടെ ബീജം ഉപയോഗിക്കേണ്ടത് എന്ന നിർദേശം നൽകിയിട്ടുള്ളത്. മേൽ ബീജമാത്രകൾ മേൽനോട്ടമില്ലാതെ നൽകിയപ്പോൾ ജനുസ്സു മാറി കുത്തിവയ്ക്കുന്നതായി കാണുന്നതിനാൽ തനത് ജനുസ്സ് ജേം പ്ലാസം സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശ ലക്ഷ്യം നടപ്പിലാകുന്നില്ല. ആയതിനാൽ ഈ ബീജമാത്രകൾ ഉപകേന്ദ്രങ്ങളിൽ വിതരണം ചെയ്യേണ്ടതില്ല എന്നാണു തീരുമാനം. വെറ്ററിനറി സർജന്റെ മേൽനോട്ടത്തോടുകൂടി തദ്ദേശജനുസ്സിൽപ്പെട്ട കാളകളുടെ ബീജം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരോ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരോ ഉപയോഗിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | ആടുകളിലെ കൃത്രിമ ബീജാധാന പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് | (ഡി) | ആടുകളിലെ കൃത്രിമ ബീജാധാന പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ആദ്യഘട്ടമായി പൂർത്തിയാക്കിയവർക്ക് |

| | | | |
|---|---|---|---|
| | നൽകിയെങ്കിലും മുഴുവൻ വെറ്ററിനറി സബ് സെന്ററുകളിലും ആടുകളിലെ കൃത്രിമ ബീജാധാനത്തിനാവശ്യമായ ബീജമാത്രകളും ഉപകരണങ്ങളും അനുവദിക്കാത്തത് എന്തുകൊണ്ടാണ്; ക്ഷീര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുമോ; | | ബീജമാത്രകളും ഉപകരണങ്ങളും നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പരിശീലനം പുരോഗമിക്കുകയാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ബീജമാത്രകളും ഉപകരണങ്ങളും നൽകുന്നതാണ്. കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല. |
| (ഇ) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കാലിത്തീറ്റയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടികളെടുക്കുമോ; സംസ്ഥാനത്തെ കന്നുകാലി പ്രജനനനയം നിയമം നടപ്പിലാക്കാൻ എന്ത് നടപടികളാണ് ഗവൺമെന്റ് മുന്നോട്ട് വെക്കുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കാനുള്ള നടപടികളുണ്ടാകുമോ; | (ഇ) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കാലിത്തീറ്റയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പരിഗണിക്കാനാവാത്തതിനാൽ ടി വിഷയത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കന്നുകാലി പ്രജനനനയം നിയമം 2022 രൂപീകരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ കൃത്യമായ പാഠ്യപദ്ധതിയുടെ അഭാവത്തിൽ ഇത്തരത്തിലുള്ള ഒരു കൗൺസിലിന് തൽക്കാലം പ്രസക്തിയില്ല എന്ന കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ചും, പാരാ വെറ്ററിനറി കൗൺസിൽ രൂപീകരിക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ, വെറ്റിനറി കൗൺസിൽ എന്നിവ നൽകിയിട്ടില്ലാത്തതിനാലും പാരാ വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (എഫ്) | വൊക്കേഷണൽ ഹയർ സെക്കന്ററി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് മുൻകാലങ്ങളിൽ നടപ്പാക്കിയിരുന്നതു പോലെയുള്ള ആറ് മാസ ട്രെയിനിംഗ് പുനരാരംഭിക്കുമോ; ട്രെയിനിംഗ് നേടിയവരെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിലവിലെ ഒഴിവുകളിലേക്ക് താൽക്കാലികമായി നിയമിക്കാൻ നടപടികളെടുക്കുമോ; വിശദമാക്കാമോ; | (എഫ്) | ട്രെയിനിംഗ് നൽകുന്നത് എൽ.എം.റ്റി.സി കളിൽ ആണ്. ട്രെയിനിംഗ് പുനരാരംഭിക്കുന്ന വിഷയം പരിഗണനയിലാണ്. VHSE പൂർത്തിയായവർക്കും, 6 മാസത്തെ ട്രെയിനിംഗ് നേടിയ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും (LI Gr-II) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജില്ലകളിൽ നിയമനം നൽകി വരാറുണ്ട്. |
| (ജി) | വൊക്കേഷണൽ ഹയർ സെക്കന്ററി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിന്റെ പേര് ഡയറി ഫാം എന്റർപ്രണർ എന്നാക്കി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ജി) | VHSE യിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ